# കോവിഡ് 19 ആദിവാസി മേഖലയിൽ വയനാടിന്റെ ഫലപ്രദ ഇടപെടൽ

കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ വയനാട് ജില്ലാമിഷൻ പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ആദിവാസി സമൂഹത്തിനിടയിൽ നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാകുന്നു. കേരളമൊട്ടാകെ കൊറോണ വൈറസ് ബാധയ്ക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ മുതൽ തന്നെ വയനാട്ടിലെ ആദിവാസി സമൂഹത്തിനിടയിലും ജില്ലാമിഷൻ വിവിധ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിരുന്നു.

ജില്ലയിലെ 3300 ആദിവാസി കോളനികളിൽ കൊറോണ വൈറസ് ബാധയെക്കുറിച്ചും അത് പ്രതിരോധിക്കുന്നതിന് കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചുമുള്ള ബോധവത്കരണം, ഹോമിയോപ്പതി വകുപ്പുമായി ചേർന്ന് പ്രതിരോധ ഗുളിക വിതരണം, ഭക്ഷ്യധാന്യ വിതരണം, സമൂഹ അടുക്കള വഴി ഭക്ഷണം ലഭ്യമാക്കൽ എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങളാണ് വയനാട് മേഖലയിലെ ആദിവാസി വിഭാഗങ്ങൾക്കിടയിൽ കുടുംബശ്രീ ചെയ്തു വരുന്നത്.

കൊറോണ ട്രൈബൽ സ്പെഷ്യൽ സെല്ലിന്റെ ഭാഗമായി കൈകൾ ശുചിയാക്കേണ്ടത് എങ്ങനെ, സാമൂഹ്യ അകലം പാലിക്കേണ്ടത് എങ്ങനെ, വീട്ടിൽ തന്നെ തുടരേണ്ടതിന്റെ ആവശ്യകത, കൊറോണ വൈറസ് വ്യാപനം എങ്ങനെയാണ് നടക്കുന്നത് എന്നിങ്ങനെയുള്ള വിഷയങ്ങളിലാണ് കുടുംബശ്രീ സംവിധാനം മുഖേന തുടക്കത്തിൽ ബോധവത്കരണം നടത്തിയത്. 47,139 ആദിവാസി കുടുംബങ്ങളാണ് ജില്ലയിലുള്ളത്. ഇതിൽ 2865 കോളനികളിലും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിക്കഴിഞ്ഞു. മാർച്ച് മാസം പകുതിയോടെ തന്നെ ജില്ലാമിഷൻ പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ബോധവത്കരണ പ്രവർത്തനങ്ങളിൽ സജീവമായി. ആദിവാസി വിഭാഗത്തിൽ നിന്നുള്ളവർക്ക് പ്രതിരോധശേഷി കുറവായതിനാൽ ഹോമിയോ വകുപ്പിൽ നിന്ന് ലഭിച്ച

പ്രതിരോധ ഗുളികകൾ ഓരോ ഊരുകളിലും എത്തിച്ച് നൽകുകയും ചെയ്തു. ഒപ്പം സൗജന്യ ഭക്ഷ്യധാന്യ വിതരണവും നടത്തി.

കുടകിൽ നിന്ന് കൊറോണ പോസിറ്റീവ് കേസ് റിപ്പോർട്ട് ചെയ്തതതോടെ അതിന് ശേഷം അവിടെ നിന്നെത്തിയവരെ ക്വാറന്റൈൻ ചെയ്യുന്നതിന് ആരോഗ്യവകുപ്പിന് ജില്ലാമിഷൻ പൂർണ്ണ പിന്തുണയേകി. ഇതിന് പുറമേ നൂൽപ്പുഴ പഞ്ചായത്തിലെ ഒറ്റപ്പെട്ട ആദിവാസി കോളനിയായ മണിമുണ്ടയിൽ ടെലി കമ്മ്യൂണിക്കേഷനിലൂടെ ബോധവത്കരണ പരിപാടി നടത്തുന്നതിന് ജില്ലാമിഷൻ സൗകര്യം ഒരുക്കിയിരുന്നു. നൂൽപ്പുഴ പ്രാഥമിക ആരോഗ്യ കേന്ദ്രവുമായി ചേർന്ന് മണിമുണ്ട കോളനി നിവാസികൾക്ക് കുരങ്ങുപനി, കോവിഡ് 19 രോഗ പ്രതിരോധം എന്നിവയിൽ പ്രത്യേക ക്ലാസ്സുകളും നൽകി. കൂടാതെ ആദിവാസി വിഭാഗങ്ങൾക്കിടയിലെ കുടുംബശ്രീയുടെ പ്രത്യേക ഇടപെടലിന്റെ ഭാഗമായി ജില്ലയിലെ 3 പഞ്ചായത്തുകളിലെ ആദിവാസി മേഖലയിൽ 147 സമൂഹ അടുക്കളകൾ കുടുംബശ്രീ നടത്തിവന്നിരുന്നു. ഇതുവഴി 7000ത്തോളം പേർക്ക് ഭക്ഷണവും നൽകിവന്നിരുന്നു. കൊറോണ പ്രതിരോധത്തിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ വന്നതോട് കൂടി ഇവരെക്കൂടാതെ 500 പേർക്ക് കൂടി ഈ അടുക്കളകൾ വഴി ഭക്ഷണം ലഭ്യമാക്കാൻ തുടങ്ങിയതും മറ്റൊരു ശ്രദ്ധേയ പ്രവർത്തനം. ഇതിന് പുറമേ കൂടുതൽ സമൂഹ അടുക്കളകൾ പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലും ഓരോ സമൂഹ അടുക്കളകൾ കൂടി ഈ ആഴ്ച ആരംഭിക്കാനാണ് ജില്ലാമിഷൻ ലക്ഷ്യമിട്ടിരിക്കുന്നത്.